**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് -തൃശ്ശൂർ ജില്ലയിലെ പഴയന്നൂർ ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള പഴയന്നൂർ ബസ് സ്റ്റാന്റ് വികസനത്തിനായി 2013- ലെ ലാൻഡ് അക്വിസിഷൻ ആക്ട് പ്രകാരം സ്ഥലം ഏറ്റെടുക്കുന്നതിന് പുതുക്കിയ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ആർ.സി) വകുപ്പ്**

സ.ഉ.(സാധാ) നം.1109/2019/ത.സ്വ.ഭ.വ തിരുവനന്തപുരം, തീയതി, 31.05.2019.

പരാമർശം - 1) സ. ഉ. (സാധാ) നം. 2779/2010/ത. സ്വ. ഭ. വ. തീയതി 18.8.2010.

2) തൃശ്ശൂർ ജില്ലാ കളക്ടറുടെ 07.11.2016-ലെ 59011/2016/ ഇ 3 (ബി) നമ്പർ കത്ത്.

3) പഴയന്നൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 07.04.2017- ലെ 5(2)/17 നമ്പർ തീരുമാനം.

4) പഴയന്നൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 24.11.2017-ലെ കത്ത്.

5) പഞ്ചായത്ത് ഡയറക്ടറുടെ 17.05.2018 -ലെ സി2-4472/18 നമ്പർ കത്ത്.

**ഉത്തരവ്**

തൃശ്ശൂർ ജില്ലയിലെ പഴയന്നൂർ ഗ്രാമപഞ്ചായത്തിൽ ബസ് സ്റ്റാന്റ് വികസനത്തിനായി വടക്കേത്തറ വില്ലേജിൽ 349/3, 349/4 എന്നീ സർവ്വേ നമ്പരുകളിൽപ്പെട്ട 201.77 സെന്റ് സ്ഥലം അർജൻസി ക്ലോസിൽ ഏറ്റെടുക്കുന്നതിന് പരാമർശം(1)പ്രകാരം സർക്കാർ അനുമതി നൽകിയിരുന്നു. എന്നാൽ അക്വിസിഷൻ സംബന്ധിച്ച് തുടർനടപടികൾ സ്വീകരിച്ചിരുന്നില്ല. എൽ. എ. ആർ. ആർ ആക്ട് 2013 അനുസരിച്ച് സ്ഥലം ഏറ്റെടുക്കുന്നതിന് പുതുക്കിയ ഉത്തരവ് ആവശ്യമായതിനാൽ സർക്കാരിലേക്ക് അപേക്ഷിക്കാൻ പഴയന്നൂർ ഗ്രാമപഞ്ചായത്ത് കമ്മിറ്റി പരാമർശം (3) പ്രകാരം തീരുമാനിക്കുകയും പരാമർശം (4) പ്രകാരം സർക്കാരിലേക്ക് അപേക്ഷിക്കുകയും ചെയ്തു.

സ്ഥലമെടുപ്പിന് ഏകദേശം 80 ലക്ഷത്തോളം രൂപ ചെലവ് വരുമെന്നും, വാർഷിക പദ്ധതിയിലുൾപ്പെടുത്തി 50 ലക്ഷം രൂപ വകയിരുത്തി ഡി.പി.സി. അംഗീകാരം നേടിയിട്ടുണ്ടെന്നും കൂടുതൽ തുക ആവശ്യമാകുന്ന പക്ഷം പദ്ധതിയിൽ കൂട്ടിച്ചേർക്കുന്നതാണെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ തൃശ്ശൂർ ജില്ലയിലെ പഴയന്നൂർ ഗ്രാമപഞ്ചായത്തിൽ ബസ് സ്റ്റാന്റ് വികസനത്തിനായി വടക്കേത്തറ വില്ലേജിൽ തരിശായിക്കിടക്കുന്ന 201.77 സെന്റ് സ്ഥലം (സർവ്വേ നമ്പർ 349/3-ൽ 70.99 സെന്റ്, സർവ്വേ നമ്പർ 349/4-ൽ 130.78 സെന്റ്) 2013- ലെ ലാൻഡ് അക്വിസിഷൻ ആക്ട് പ്രകാരം ഏറ്റെടുക്കുന്നതിന് താഴെ പറയുന്ന നിബന്ധനകളോടെ പഴയന്നൂർ ഗ്രാമ പഞ്ചായത്തിന് പുതുക്കിയ ഭരണാനുമതി നൽകി ഉത്തരവാകുന്നു.

1) സ്ഥലമെട്ടപ്പിന് ആവശ്യമായ തുക പഞ്ചായത്ത് തന്നെ കണ്ടെത്തേണ്ടതാണ്.
2) ഇത് സംബന്ധമായി സർക്കാരിന് യാതൊരു സാമ്പത്തിക ബാധ്യതയും ഉണ്ടായിരിക്കുന്നതല്ല .

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം )
**ശ്രീജ വി**
ഡെപ്യൂട്ടി സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, പഴയന്നൂർ ഗ്രാമപഞ്ചായത്ത്.
ജില്ലാ കളക്ടർ , തൃശ്ശൂർ.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്,എൽ.ബി.എ & എ&ഇ ), തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
റവന്യൂ വകുപ്പ്(10.7.2018- ലെ REV B2/362 പ്രകാരം )
ധനകാര്യ വകുപ്പ് ( 2.2.2019 ലെ DEV-3/10/2019-FIN പ്രകാരം)
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ